SET A

1002

സമഗ്ര ശിക്ഷാ, കേരളം
പാദവാർഷിക മൂല്യനിർണയം 2019-20

# മലയാളം
# കേരളപാഠാവലി

സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4 x 1 = 4)**

1. 'അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ?'
മെത്രാൻ ഇങ്ങനെ ചോദിച്ചതിന്റെ അർഥമെന്ത്?
   - അവയുടെ ഉടമസ്ഥൻ താനാണെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ട്.
   - ഭൂമിയിലെ വസ്തുക്കൾ പാവങ്ങളുടെ സ്വന്തമാണെന്ന് അദ്ദേഹം വിശ്വസിച്ചു.
   - താൻ സൂക്ഷിച്ചിരുന്ന വസ്തുക്കളുടെ അവകാശികൾ ആരാണെന്ന് അദ്ദേഹത്തിന് അറിയില്ല.
   - പാവങ്ങളുടെ വസ്തുക്കളുടെ സൂക്ഷിപ്പുകാരനാണ് താനെന്ന് അദ്ദേഹം കരുതി.

2. "ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും!"
താപസിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?
   - സഹതാപം
   - പരിഭവം
   - ആശ്ചര്യം
   - പുച്ഛം

3. "ഇവിടെ വന്നിട്ടുപോലും സംശയം തീർന്നില്ല. മാഡം ഇങ്ങനെയൊരു സ്ഥലത്ത് ഇതുപോലെ..." സുധീർ ഇത്തരത്തിൽ ചിന്തിച്ചതെന്തുകൊണ്ട്?
   - ആ വീട്ടിലെ വിപുലമായ സൗകര്യങ്ങൾ കണ്ടതുകൊണ്ട്.
   - ആ വീടും അവരുടെ വേഷവും കണ്ടതുകൊണ്ട്.
   - മിസ്സിസ് തലത്തിന്റെ രൂപത്തിലും ഭാവത്തിലും മാറ്റം വരാത്തതുകൊണ്ട്.
   - മിസ്സിസ് തലത്ത് സുധീറിനെ തിരിച്ചറിഞ്ഞതുകൊണ്ട്.

4. ആ രണ്ടു വെള്ളിവിളക്കുകാലുകളുമെടുത്ത് ഴാങ് വാൽ ഴാങിനു കൊണ്ടുവന്നുകൊടുത്തു.
വെള്ളിവിളക്കുകാലുകൾ എന്ന പദം വിഗ്രഹിച്ചെഴുതിയാൽ?
   - വെള്ളിയും വിളക്കുകാലുകളും
   - വെള്ളിയാകുന്ന വിളക്കുകാലുകൾ
   - വെള്ളികൊണ്ടുള്ള വിളക്കുകാലുകൾ
   - വെള്ളിപോലുള്ള വിളക്കുകാലുകൾ

5. "ഇതു വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെപോയല്ലോ".

ശകുന്തള സൂചിപ്പിക്കുന്നതെന്തിനെക്കുറിച്ചാണ്?

- മൺമയിലിനെ
- മുദ്രമോതിരത്തെ
- സിംഹക്കുട്ടിയെ
- സർവദമനനെ

6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

(2x 2= 4)

6. "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവംതന്നെയോ?"
ഴാങ് വാൽ ഴാങ് ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്?

7. "കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ."
ഈ വാക്കുകളിലൂടെ മിസ്സിസ് തലത്ത് പറയാൻ ശ്രമിക്കുന്നതെന്തെല്ലാം?

8. "എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി." (ഋതുയോഗം)
ദുഷ്യന്തൻ സൂചിപ്പിക്കുന്ന 'ആശ' എന്താണ്?

9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)

(5 x 4 = 20)

9 "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ."

ഈ ഉപദേശം എക്കാലത്തും പ്രസക്തമാണോ? തന്നിരിക്കുന്ന വരികളും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

10. "വാതിൽക്കൽ നിൽക്കുന്ന ആ വൃദ്ധ- അവരെ താനിന്ന് യഥാർഥമായി കണ്ടിരിക്കുന്നു- മാഡം തലത്തല്ല. ലേഡിയല്ല. സാമൂഹ്യപ്രവർത്തകയല്ല. അമ്മ, വെറും അമ്മ!"
'വിശ്വരൂപം' എന്ന കഥയുടെ ആശയം ആവിഷ്കരിക്കാൻ ഈ വാക്യങ്ങൾ എത്രത്തോളം ശക്തമാണെന്ന് പരിശോധിക്കുക.

11. "സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും"
വിദ്യ, അവിദ്യ എന്നിവയെക്കുറിച്ചുള്ള എഴുത്തച്ഛന്റെ നിരീക്ഷണം വിശകലനം ചെയ്യുക.

12 രാജാവ് : 'എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു.'
ശകുന്തള : 'ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണചെയ്തു എന്നു തോന്നുന്നു.'

സംഭാഷണം വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ മാനസികാവസ്ഥ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

13. ഴാങ് വാൽ ഴാങിന്റെ കണ്ണു രണ്ടും മിഴിഞ്ഞുപോയി; മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി.

അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന ആശയഭംഗി വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

14. ശകുന്തള : (മുദ്രമോതിരം നോക്കിയിട്ട്) ആര്യപുത്രാ, ഇത് ആ മോതിരമല്ലേ?
രാജാവ് : അതേ, ഈ മോതിരം കണ്ടിട്ടാണല്ലോ എനിക്കോർമ്മവന്നത്.

'അഭിജ്ഞാനശാകുന്തള'ത്തിന്റെ നാടകീയത നിലനിർത്തുന്നതിൽ മുദ്രമോതിരത്തിന്റെ സ്ഥാനം എന്ത്?
തന്നിട്ടുള്ള സന്ദർഭങ്ങളും കഥാഗതിയും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. (ഒരുപുറം)
(2 x 6 = 12)

15.
- "ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല. മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ.'
- "മാഡം തലത്ത് മരിച്ചു പോയി മോനേ...... ഇത് അമ്മയാണ്; താഴത്തു കുഞ്ഞുക്കുട്ടിയമ്മ.'
- "ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളു.'

(വിശ്വരൂപം)

തന്നിട്ടുള്ള സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി മാഡം തലത്തിനെക്കുറിച്ചുള്ള കഥാപാത്രനിരൂപണം തയാറാക്കുക.

16. "കുറ്റം പൊറുത്തുകൊടുക്കുകയാണ് കുറ്റവാളിയുടെ മനസ്സുമാറ്റാൻ ഏറ്റവും നല്ല മാർഗം" എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'പാവങ്ങൾ' എന്ന നോവൽഭാഗം വിശകലനം ചെയ്യുക.
(താഴെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങൾകൂടി പ്രയോജനപ്പെടുത്തണം).

- "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്."
- "ഞാൻ നിങ്ങൾക്ക് മെഴുതിരിക്കാലുകൾ തന്നുവല്ലോ.. നിങ്ങളുടെ മുള്ളുകളും കയ്‌വുകളും എടുത്ത കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് അവകൂടി കൊണ്ടുപോയില്ല!"